/

# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5588 02.11.2016-ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിൽ അർഹരായവർക്ക് അംഗത്വം നിഷേധിക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ് :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) സഹകരണ ബാങ്കുകൾ അർഹരായ ആളുകൾക്ക് അംഗത്വം നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഈ വർഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (എ) ഉണ്ട്. ഇതു സംബന്ധിച്ച് ഈ വർഷം 12 പരാതികളാണ് ലഭിച്ചിട്ടുള്ളത്. |
| (ബി) അർഹതയുള്ള ഒരാൾക്ക് സഹകരണ ബാങ്കിൽ അംഗത്വമെടുക്കാനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; അംഗത്വം നിഷേധിച്ചാൽ സ്വീകരിക്കേണ്ട തുടർ നടപടി വ്യക്തമാക്കാമോ; | (ബി) സഹകരണ ബാങ്കിൽ ഒരാൾക്ക് അംഗത്വമെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) വ്യക്തിക്ക് 18 വയസ്സ് തികഞ്ഞിരിക്കണം.<br>2) സ്വസ്ഥ ബുദ്ധി ഉണ്ടായിരിക്കണം.<br>3) സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ താമസക്കാരനോ അല്ലെങ്കിൽ സ്വന്തമായി സ്ഥലമുള്ള ആളോ ആയിരിക്കണം.<br>ഒരു സഹകരണ സംഘം ഒരാൾക്ക് അംഗത്വം നിഷേധിക്കുകയാണെങ്കിൽ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 83 ഉപവകുപ്പ് 1(സി) പ്രകാരം 60 ദിവസത്തിനകം സഹകരണ സംഘം രജിസ്ട്രാർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. |

(സി) പ്രാഥമിക സഹകരണ സംഘങ്ങളിൽ ഇടപാടുകൾ നടത്തുന്ന എല്ലാ ആളുകൾക്കും അംഗത്വം നൽകത്തക്ക രീതിയിൽ നിലവിലെ നിയമത്തിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

(സി) സഹകരണ നിയമത്തിലും ചട്ടത്തിലും വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് സർക്കാർ ആലോചിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**